# 105. ജീവികളെ വളർത്തുമ്പോൾ

ഇക്കഴിഞ്ഞ രണ്ടു നൂററാണ്ടുകാലങ്ങളിൽ മനുഷ്യൻ വികസിപ്പിച്ചെടുത്ത യന്ത്രസംസ്കാരവും നഗരജീവിതരീതിയും, ഭൂമുഖത്തിലെ സസ്യങ്ങളും പ്രാണികളുമടങ്ങിയ മററു ജീവിവർഗങ്ങൾക്ക് എത്ര വലിയ ആപത്താണ് ഇതിനകം വരുത്തിവെച്ചിട്ടുള്ളതെന്ന് ഇന്ത്യക്കാരായ നാം ചിന്തിച്ചുതുടങ്ങിയിട്ടില്ല. എന്നാൽ, പല യൂറോപ്യൻ രാജ്യങ്ങളിലും ജനങ്ങൾക്കിടയിൽ ഇത്തരമൊരു വിചാരം ശക്തിപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. വംശനാശം അടുത്ത സസ്യ—ജന്തു—വർഗങ്ങളെ സംരക്ഷിക്കുന്നതിനു് ഉദ്ദേശിച്ചുള്ള നിയമങ്ങൾ അവർ ധാരാളമായി നിർമിച്ചുവരുന്നു; കഴിവുള്ളിടത്തോളം അവ നടപ്പിൽ വരുത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

പടിഞ്ഞാറെ ജർമനിയിലെ സസ്യ—ജന്തു-വർഗ—സംരക്ഷണനിയമങ്ങൾ (പ്രൊട്ടെക്ഷൻ ഓഫ് സ്പീഷീസ് റെഗുലേഷൻസ്) അനുസരിച്ച്, അമ്പതിനായിരത്തോളം സസ്യ—ജന്തു—വർഗങ്ങൾ വംശനാശഭീഷണിയെ നേരിടുന്നവയാണെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. കരയിലും വെള്ളത്തിലുമായി ജീവിക്കുന്ന ഏറെക്കുറെ എല്ലാ ഉഭയജീവികളും, ഇഴജന്തുക്കളും, യൂറോപ്പിലെ എല്ലാ പക്ഷികളും, എലിവർഗത്തിൽപ്പെട്ട ചില ജീവികൾ ഒഴികെ വന്യങ്ങളായ എല്ലാ സസ്തനജീവികളും, വംശനാശമടുത്തവ ആയിട്ടാണ് ജർമനിയിൽ കണക്കാക്കപ്പെടുന്നത്.

1985—ൽ പടിഞ്ഞാറെ ജർമനിയിൽ നടപ്പിൽ വരുത്തിയ പ്രകൃതിസംരക്ഷണ നിയമത്തിലെ (നേച്ചർ കൺസർവേഷൻ ആക്ട്) ഒരു വകുപ്പ് അനുസരിച്ച്, സംരക്ഷിതവർഗങ്ങളിൽപ്പെട്ട ഏതെങ്കിലുമൊരു ജന്തുവിനെ കൂട്ടിലടച്ചു വളർത്തുന്നവർ ആ വിവരം സർക്കാരിനെ അറിയിക്കണം. വളർത്തുജീവി—രജിസ്ട്രേഷൻ സംബന്ധിച്ച ഈ വകുപ്പ് ഇപ്പോൾ കർശനമാക്കിവരികയാണ്. പൂച്ച, നായ, ഹാംസ്റ്റർ എന്നതരം എലി, 'ലവ്ബേർഡ്' ഇനത്തിൽപ്പെട്ട പക്ഷികൾ എന്നിങ്ങനെ ചില ഇനങ്ങൾ ഒഴിച്ചാൽ, ജനങ്ങൾ ഓമനിച്ചുവളർത്തുന്ന ഏറെക്കുറെ എല്ലാ മൃഗങ്ങളെയും പക്ഷികളെയും ഇഴജന്തുക്കളെയും മത്സ്യങ്ങളെയും ഈ നിയമപ്രകാരം സർക്കാരിൽ രജിസ്റ്റർചെയ്യേണ്ടതുണ്ട്. രജിസ്റ്റർ ചെയ്യേണ്ട ഒരു ജീവിയെക്കുറിച്ച് സർക്കാരിനെ അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്ന വ്യക്തിക്ക് ഇരുപതിനായിരം മാർക്ക് (ജർമൻ നാണ്യം) വരെ പിഴകെട്ടാമെന്നാണ് നിയമം. വംശനാശഭീഷണി നേരിടുന്ന ജീവികളെ നിയമവിരുദ്ധമായി പിടിച്ച് കച്ചവടംചെയ്യുന്നതു തടയുകയാണ് ഈ നിയമംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതു്.

ഒരു വളർത്തുജീവിയെ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയിൽ, അതിന്റെ വർഗം (സ്പീഷീസ്) വയസ്സ്, ലിംഗം, അതു പിറന്ന സ്ഥലം, ഇന്ന് അതുള്ള സ്ഥലം, ഉപയോഗം, ശരീരത്തിലെ അടയാളങ്ങൾ തുടങ്ങി പല വിവരങ്ങളും ചേർക്കേണ്ടതുണ്ട്. തങ്ങൾ വളർത്തുന്ന പല ജീവികളെസ്സംബന്ധിച്ചും ഇത്തരം വിവരങ്ങൾ എങ്ങനെ ബോധിപ്പിക്കും എന്നറിയാതെ. ജീവി—വളർത്തലുകാർ കുഴങ്ങുകയാണത്രേ. പവിഴപ്പാറകൾക്കിടയിൽ കാണുന്ന, പല നിറങ്ങളുള്ള മീനുകൾ വീടുകളിലെ ചില്ലുകൂടുകളിൽ (അക്വേറിയങ്ങളിൽ) ധാരാളമായി വളർത്തപ്പെടുന്നുണ്ട്. പക്ഷിവളർത്തലുകാർ പലതരം തത്തകളെ വളർത്തുന്നു. തവളകൾ, പാമ്പുകൾ, പല്ലികൾ—അങ്ങനെ അസാധാരണങ്ങളായ 'ഓമന'കളെ വളർത്തുന്നവരും കുറവല്ല. മ്യൂണിക് നഗരത്തിൽ

ഗെർനോട്ട് ഹോൾഷെർ എന്നൊരാൾ പതിനഞ്ചു വർഷമായി ഒരു ചീങ്കണ്ണിയെ തന്റെ കുളിമുറിയിൽ ഒരു ബാത്ത്ടബ്ബിലിട്ട് വളർത്തുന്നുണ്ടത്രേ. ഓരോരുത്തരുടെയും അഭിരുചി ഓരോ വിധത്തിലാണല്ലോ. ഇത്തരം ജീവികളുടെ വർഗമെന്തെന്ന് അറിയാൻ പലപ്പോഴും വിജ്ഞാനകോശങ്ങൾ നോക്കേണ്ടിവരും. അവയുടെ വയസ്സ്, ലിംഗം മുതലായവ നിർണയിക്കുക പ്രയാസമാവും. കൂടെക്കൂടെ പടംപൊഴിക്കുന്ന പാമ്പുകൾപോലുള്ള വളർത്തുജീവികളുടെ കാര്യത്തിൽ, തൊലിപ്പുറത്തെ അടയാളങ്ങൾ രേഖപ്പെടുത്തുന്നതിലും അർത്ഥമില്ല; ഇന്നു കണ്ട അടയാളം നാളെ കണ്ടേക്കുകയില്ല.

ഇനി, വിവരങ്ങളൊക്കെ ശരിക്കു ചേർത്ത് രജിസ്ട്രേഷനുള്ള അപേക്ഷകൾ സർക്കാരിലേക്കു സമർപ്പിച്ചാലോ? വീടുകളിൽ വളർത്തുന്ന ജീവികളുടെ രജിസ്ട്രേഷനുള്ള അപേക്ഷകൾ ജർമനിയിലെ സർക്കാർ ആപ്പീസുകളിൽ വന്നു കുമിഞ്ഞുകൊണ്ടിരിക്കുകയാണെന്ന് ജൂൺ 24-ാം തീയതിയിലെ 'സ്റ്റുറ്റ്ഗാർട്ടർ സൈതുങ്' പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നതും ആഗസ്റ്റ് 2-ാം തീയതിയിലെ 'ജർമൻ ട്രൈബ്യൂൺ' പത്രത്തിൽ ഉദ്ധരിച്ചിരുന്നതുമായ ഒരു ലേഖനത്തിൽ കാണുന്നു. രജിസ്ട്രേഷൻ അപേക്ഷകളിൽ കാണുന്ന വിവരങ്ങൾ എല്ലാം ശരിയോ എന്ന് ഉറപ്പുവരുത്താൻ സർക്കാരിന് എങ്ങനെ സാധിക്കും? എത്ര ഉദ്യോഗസ്ഥന്മാരുണ്ടായാലാണ് ഈ പരിശോധന നടക്കുക? അങ്ങനെ പരിശോധിക്കുന്നില്ലെങ്കിൽ, ജീവികളുടെ വംശനാശഭീഷണി തടയുകയെന്ന നിയമലക്ഷ്യം എങ്ങനെ കൈവരും? അതിനാൽ, ഏതാനും ചില രജിസ്ട്രേഷൻ അപേക്ഷകൾ മാത്രമേ, സ്ഥലത്തു ചെന്ന് പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതുള്ളൂ എന്നാണത്രേ അധികൃതർ തീരുമാനിച്ചിട്ടുള്ളത്. ഇങ്ങനെ 'സാമ്പിൾ ചെക്കിങ്' നടത്താൻ തന്നെ, വിദഗ്ദ്ധരായ ഉദ്യോഗസ്ഥരെ കിട്ടുക പ്രയാസമാണുതാനും. ഉദാഹരണത്തിനു , ഒരാൾ ഓമനിച്ചുവളർത്തുന്ന ഒരു തവളയെ കണ്ടാൽ, അതു് മധ്യ-അമേരിക്കയിലെ ഒരു മരത്തവളയോ, ഇന്ത്യയിലെ ഒരു പോക്കാച്ചിത്തവളയോ എന്ന് വേർതിരിച്ചുപറയാൻ എത്ര പേർക്കു കഴിയും? ഒരു മത്സ്യത്തിന്റെ വയസ്സോ, ചിത്രശലഭത്തിന്റെ ലിംഗമോ ഒരു പരിശോധന-ഉദ്യോഗസ്ഥൻ എങ്ങനെ നിർണയിക്കാനാണ്?

വളർത്തുജീവികളെ ഒരിക്കൽ രജിസ്റ്റർചെയ്യുന്നതോടെ പ്രശ്നം തീരുന്നില്ല. അവയെ ഒരാൾ മറ്റൊരാൾക്കു കൈമാറുകയോ, ഒരു വീട്ടിൽനിന്ന് മറ്റൊരു വീട്ടിലേക്കു മാറ്റുകയോചെയ്താൽ, നാലാഴ്ചയ്ക്കുള്ളിൽ സർക്കാരിനെ ആ വിവരം ധരിപ്പിക്കണം എന്നാണ് ജർമനിയിലെ നിയമം. വളർത്തുജീവി ചത്താലും, പ്രസവിച്ചാലും, അപ്പോഴും സർക്കാരിനെ അറിയിക്കണം. നിയമം അക്ഷരാർത്ഥത്തിൽ അനുഷ്ഠിക്കുന്ന ഒരാളാണെങ്കിൽ, താൻ വളർത്തുന്ന തവള ഇട്ട മുട്ടകളിൽ എത്ര എണ്ണം വിരിഞ്ഞു് തവളപ്പൊട്ടിലുകൾ ഉണ്ടായി എന്ന വിവരംകൂടി സർക്കാരിനെ അറിയിക്കാൻ അയാൾക്കു ബാദ്ധ്യത ഉണ്ടത്രേ. ഭാഗ്യം, അവയ്ക്കു രോഗമായാൽ ആ വിവരം സർക്കാരിനെ അറിയിക്കേണ്ടതില്ല!

ജർമനിയിൽ പാർക്കുന്നവർ നിയമവിധേയമല്ലാതെ വളർത്തുന്ന എല്ലാ ജീവികളെയും സർക്കാരിലേക്കു കണ്ടുകെട്ടാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇതു് ശരിക്കും നടപ്പിൽ വരുത്തുന്നപക്ഷം, ഈ ജീവികളെ ഏറ്റെടുത്തു വളർത്തുവാനുള്ള കഴിവ് ജർമനിയിൽ ഇപ്പോഴുള്ള മൃഗശാലകൾക്കില്ലെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇവിടെ നമ്മെസ്സംബന്ധിച്ചിടത്തോളം പ്രസക്തമായ വസ്തുത, സസ്യ-ജന്തു-സംരക്ഷണത്തെസ്സംബന്ധിച്ച് യൂറോപ്പിൽ വ്യാപകമായിക്കഴിഞ്ഞിട്ടുള്ള തീവ്രബോധമാകുന്നു. ഒരു തവളയെപ്പിടിച്ച് കുപ്പിയി

ലിട്ട വളർത്തുന്നവർ ആ വിവരം സർക്കാരിൽ അറിയിക്കണമെന്നു് അനുശാസിക്കുന്ന ജർമൻ നിയമമെവിടെ! കൊമ്പനാനകളെയും കാണ്ടാമൃഗങ്ങളേയും കള്ളവേട്ടക്കാർ കൂട്ടത്തോടെ വെടിവെച്ചു് ഒടുക്കുമ്പോഴും, അതു കാണാൻ കൂട്ടാക്കാത്ത നമ്മുടെ വന്യജീവിസംരക്ഷണ നിയമങ്ങൾ എവിടെ!

(20 സെപ്തംബർ, 1987)

## 106. ഒട്ടകം

നിലവിലുണ്ടായിരുന്ന കാർഷിക സമ്പദ്‌വ്യവസ്ഥ അതിവേഗത്തിൽ തകരുകയും അതിൻെറ സ്ഥാനത്തു് ഒരു പുതിയ വ്യാവസായിക സമ്പദ്‌വ്യവസ്ഥ മെല്ലെമാത്രം രൂപംകൊള്ളുകയും ചെയ്യുന്നതാണു് ഇന്ത്യയിൽ നാം കാണുന്നതു്. നമ്മുടെ സമൂഹത്തിൽ ഇന്നു കാണുന്ന പല പൊരുത്തക്കേടുകൾക്കും ക്ലേശങ്ങൾക്കും അടിയിലുള്ളതു സമ്പദ്‌ഘടനയിൽ വന്നുകൊണ്ടിരിക്കുന്ന ഈ പരിവർത്തനമാകുന്നു.

താരതമ്യേന അടുത്തകാലത്തുമാത്രം സ്വാതന്ത്ര്യം നേടിയ ആഫ്രിക്കയിലെ പല രാജ്യങ്ങളിലും ഇന്ത്യയിലെക്കാൾ അഗാധതരങ്ങളായ സാമൂഹ്യ പരിവർത്തനങ്ങൾ അതിവേഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണു്. കാർഷിക സമ്പദ്‌വ്യവസ്ഥയേക്കാൾ പ്രാചീനമായ കാലിവളർത്തൽ സമ്പദ്‌വ്യവസ്ഥയിൽനിന്നു് കാർഷിക സമ്പദ്‌വ്യവസ്ഥയിലൂടെ വ്യാവസായിക സമ്പദ്‌വ്യവസ്ഥയിലേക്കു് ഒററക്കുതിപ്പിലുള്ള പരിവർത്തനം അവിടെ നടന്നുകൊണ്ടിരിക്കുന്നു. ഇതിൻഫലമായി അവിടത്തെ ജനങ്ങൾക്കു നേരിടേണ്ടിവരുന്ന പ്രയാസങ്ങൾ കുറച്ചൊന്നുമല്ല.

കിഴക്കേ ആഫ്രിക്കയിൽ എത്തിയോപ്പിയയ്ക്കു തെക്കു് ഇന്ത്യാസമുദ്ര തീരത്തു് ഒരു ബ്രിട്ടീഷ് കോളനിയായിരുന്ന കെനിയ സ്വാതന്ത്ര്യം നേടിയതു് 1963—ൽ മാത്രമാണു്. ഒന്നര കോടിയോളം ജനങ്ങളുള്ള കെനിയയിൽ നാല്പതിലേറെ ഗോത്രവർഗങ്ങളുണ്ടു്. കാലിവളർത്തലാണു പല ഗോത്രവർഗക്കാരുടേയും ഉപജീവനമാർഗം. കാലികളെയുംകൊണ്ടു മേച്ചിൽപ്പുറങ്ങൾ തേടി അലഞ്ഞുനടക്കേണ്ടതിനാൽ ഇവരിൽ പലരും സ്ഥിരമായ പാർപ്പിടമില്ലാത്ത നാടോടികളാണു്. അതായതു്, കാർഷിക സമ്പദ്‌വ്യവസ്ഥയിലേക്കുതന്നെ അവർ പ്രവേശിച്ചിട്ടില്ല.

ഇന്ത്യയിലേക്കാൾ വേഗത്തിലാണു് ആഫ്രിക്കയിൽ ജനങ്ങൾ പെരുകുന്നതു്. പാർപ്പിടങ്ങൾക്കും കൃഷിയിടങ്ങൾക്കുംവേണ്ടി മേച്ചിൽപ്പുറങ്ങളെല്ലാം ജനങ്ങൾ വളച്ചുകെട്ടുന്നതിനാൽ ഒരിടത്തു സ്ഥിരമായി താമസിക്കാൻ നാടോടികൾ നിർബന്ധിതരാവുന്നു. ഇതോടെ അവരുടെ കാലികൾക്കു വേണ്ടത്ര തീററ കിട്ടാതെവരുന്നു. 1984 മുതൽ പല ആഫ്രിക്കൻ രാജ്യങ്ങളെയും ബാധിച്ച വരൾച്ചയുടെ ഫലമായി കാലിവളർത്തൽ അവിടെ അസാദ്ധ്യമായിക്കൊണ്ടിരിക്കുകയാണു്.

കെനിയയിലെ സാംബുരു ഗോത്രവർഗക്കാരുടെ ഒരു തലവനായ ലെൻഗീസിനു് ഇരുനൂററുപത്തു പശുക്കളും ഒട്ടേറെ ആടുകളും ഉണ്ടായിരുന്നു. പശുക്കളുടെ എണ്ണം നോക്കിയാണു് സാംബുരുക്കൾ ഒരാളുടെ സാമൂഹ്യമായ അന്തസ്സു കണക്കാക്കിയിരുന്നതു്. പാൽ കറന്നെടുക്കുന്നതിനു പുറമേ സാംബുരുക്കൾ പശുക്കളുടെ ചോര വാർത്തെടുത്തു കുടിക്കാറുമുണ്ടു്. കൊല്ലാതെ ദിവസേന പശുക്കളുടെ ചോര കുറേശ്ശെ വാർത്തെടുക്കുന്ന